നം.CEIA/1839/2025-B7

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 22-03-2025

## സർക്കുലർ

വിഷയം: - ജലസേചനം - ജീവനക്കാര്യം –ജലസേചന വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകളിൽ 2025 വർഷത്തെ പൊതുസ്ഥലമാറ്റം - അപേക്ഷകൾ ഓൺലൈൻ മുഖേന ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സ ഉ (സാധാ ) നമ്പർ 03/2017/ഉ പ ഭ വ തീയതി 25.02.2017

ജലസേചന വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകളിലെ ( എൽ ഡി ക്ലാർക്ക് /യു ഡി ക്ലാർക്ക് , ഹെഡ് ക്ലാർക്ക് , ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് , ടൈപ്പിസ്റ്റ്/CA, ഡ്രൈവർ ) ജീവനക്കാരിൽ നിന്നും 2025 വർഷത്തെ പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു .സൂചന സർക്കാർ ഉത്തരവ് പ്രകാരം ഓൺലൈൻ മുഖേനയാണ് പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് . ജീവനക്കാർ സമർപ്പിക്കുന്ന വിവരങ്ങളുടെയും ഓൺലൈൻ അപേക്ഷ ഫോറത്തിൽ രേഖപെടുത്തുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും പൊതു സ്ഥലമാറ്റം നടത്തുന്നത് .ആയതിനാൽ ഓൺലൈൻ അപേക്ഷ ഫോറത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കൃത്യമാണെന്ന് അപേക്ഷകരും അതാത് DDO മാരും ഉറപ്പ് വരുത്തേണ്ടതാണ്.

1.പൊതു സ്ഥലമാറ്റത്തിനു ജലസേചന വകുപ്പിലെ സേവനം മാത്രമേ പരിഗണിക്കുകയുള്ളൂ.

2. സ്റ്റേഷൻ എന്നതിന്റെ നിർവചനം സൂചന സർക്കാർ ഉത്തരവിലെ നിർദ്ദേശം (9)ൽ പരാമർശിച്ചിട്ടുണ്ട്. ഒരു ജില്ലയിലെ 15 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള സർവ്വീസ് ഒരേ സ്റ്റേഷനിലെ സർവീസായി കണകാക്കുന്നതാണ്.(സ്റ്റേഷൻ എന്നത് ജീവനക്കാരൻ അവസാനം ജോലി ചെയ്ത ഓഫീസ് എന്നല്ല സൂചിപ്പിക്കുന്നത് )

3. സർക്കാർ ഉത്തരവിലെ നിർദ്ദേശം (4)ൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം അനുകംബാർഹാമായ കാരണങ്ങളാൽ അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷയോടൊപ്പം ആയതു സംബന്ധിച്ച് രേഖകളുടെ പകർപ്പുകൾ കൂടി സമർപ്പിക്കേണ്ടതാണ്.

4.ജനറൽ ട്രാൻസ്ഫർ ഉത്തരവ് പുറപ്പെടുവിക്കുന്നത് സൂചന സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

### ജീവനക്കാർക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1.മിനിസ്റ്റീരിയൽ തസ്തികകളിലെ ONLINE TRANSFER നുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി ജലസേചന വകുപ്പിന്റെ www.Irrigation.Kerala.gov.in എന്ന വെബ്സൈറ്റിൽ ഹോം പേജിൽ ലഭ്യമായിട്ടുള്ള ONLINE TRANSFER എന്ന ലിങ്ക് സന്ദർശിക്കേണ്ടതാണ്.

2.അതാത് DDO മാരുടെ ഓഫീസ് ഇമെയിൽ വിലാസം മുഖേന otp verification പൂർത്തീകരിച്ച ONLINE TRANSFER അപേക്ഷ സമർപ്പിക്കുന്നതിലെയ്ക്ക് പ്രവേശിക്കാവുന്നതാണ്.

3. ഒരു ജീവനക്കാരന് ഒരു തവണ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ . ഒരിക്കൽ സമർപ്പിച്ച അപേക്ഷയിൽ തിരുത്തലുകൾ സാധ്യമല്ല.ആയതിനാൽ അപേക്ഷയിലെ വിവരങ്ങൾ ശ്രദ്ധാപൂർവ്വം രേഖപെടുത്തേണ്ടതാണ്.

4.വ്യക്തിഗത വിവരങ്ങൾ ,service history എന്നിവ online അപേക്ഷ ഫോറത്തിൽ രേഖപ്പെടുത്തെണ്ടതാണ്. അതിനുശേഷം ലഭ്യമാകുന്ന ട്രാൻസ്ഫർ റിക്വസ്റ്റ് പേജിൽ സ്ഥലമാറ്റം ആഗ്രഹിക്കുന്ന ഓഫീസുകൾ (പരമാവധി 3 എണ്ണം ) തെരഞ്ഞെടുക്കേണ്ടാതാണ്. ഒന്നിലധികം ഓഫീസുകൾ സെലക്ട് ചെയ്യുന്നതിന് അപേക്ഷ ഫോറത്തിന്റെ ഇടതു വശത്തുള്ള icon click ചെയ്ത

ഓഫീസ്  സെലക്ട് ചെയ്യാവുന്നതാണ്.

5. അപേക്ഷ ഫോറത്തിലെ മുഴുവൻ വിവരങ്ങളും രേഖപെടുത്തിയ ശേഷം അനുകംബാർഹാമായ കാരണങ്ങളാൽ അപേക്ഷ സമർപ്പിക്കുവാനുള്ള സർട്ടിഫിക്കറ്റ് കൂടി upload ചെയ്തു submit ചെയ്യേണ്ടതാണ്. submit ചെയ്ത ശേഷം രജിസ്റ്റർ ചെയ്ത ഇമെയിൽ വിലാസത്തിൽ അപേക്ഷയുടെ acknowledgement pdf ഫോർമാറ്റ് ൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ഫോറാം upload ചെയ്യുന്നതിനുള്ള ലിങ്കും acknowledgement ഉം ഇമെയിലിൽ ഉൾപെടുത്തിയിട്ടുണ്ട്.

6. pdf ഫോർമാറ്റിലുള്ള അപേക്ഷ download ചെയ്തു പ്രിന്റ് എടുത്തു അപേക്ഷകന്റെയും ddo യുടെയും ഒപ്പും സീലും നിർദിഷ്ട ഭാഗത്ത് രേഖപെടുത്തി സ്കാൻ ചെയ്തു ഇമെയിൽ acknowledgement ലെ ലിങ്കിൽ പ്രവേശിച്ച ഫൈനൽ upload പേജിൽ application ID ,ഇമെയിൽ acknowledgement ൽ കാണുന്നത് പോലെ തന്നെ കൃത്യമായി രേഖപെടുത്തി  അപേക്ഷയുടെ അവസാന ഭാഗത്ത് upload ചെയ്തു അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഒപ്പിട്ട അപേക്ഷ upload ചെയ്യാത്ത  online അപേക്ഷകൾ പരിഗണിക്കുന്നതല്ല. മറ്റു മാർഗ്ഗങ്ങളിലൂടെ  സമർപ്പിക്കുന്ന അപേക്ഷകളും ഹാർഡ് കോപ്പിയും പരിഗണിക്കുന്നതല്ല.

ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 10.04.2025,
5 pm വരെയാണ്. ആയതിനു ശേഷം അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയുകയില്ല

ചീഫ് എഞ്ചിനീയർ
Signed by Sivadasan M
Date: 22-03-2025 18:58:13

എല്ലാ ചീഫ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ /  എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ

പകർപ്പ്:-

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഐ.ടി സെൽ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

2. കരുതൽ ഫയൽ / അധികം